No. CEE/2933/B.Des-2020/TA4

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

## പത്രക്കുറിപ്പ്

## ബാച്ച്ലർ ഓഫ് ഡിസൈൻ (ബി.ഡിസ്) കോഴ്സിലേക്കുള്ള പ്രവേശനം–2020 അപേക്ഷകൾ ക്ഷണിച്ചു.

തിരുവനന്തപുരത്തെ കോളേജ് ഓഫ് ആർക്കിടെക്ചർ (സ്വാശ്രയം) കോളേജിൽ 2020–21 വർഷത്തെ ബാച്ച്ലർ ഓഫ് ഡിസൈൻ (ബി.ഡിസ്) കോഴ്സിലേയ്ക്ക് ഓൺലൈൻ അപേക്ഷ ക്ഷണിക്കുന്നു. എ.ഐ.സി.റ്റി.ഇ യും കേരള ടെക്നിക്കൽ യൂണിവേഴ്സിറ്റിയും അംഗീകരിച്ച അക്കാദമിക യോഗ്യതകൾക്കനുസരിച്ച് കേരള ഹയർസെക്കന്ററി വിദ്യാഭ്യാസ ബോർഡിന്റെ ഹയർ സെക്കന്ററി പരീക്ഷയോ തത്തുല്യമെന്ന് അംഗീകരിക്കപ്പെട്ട മറ്റേതെങ്കിലും പരീക്ഷകളിലോ മൊത്തത്തിൽ 50 ശതമാനം മാർക്ക് വാങ്ങി ജയിച്ച വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാവുന്നതാണ്. കൂടാതെ ആർക്കിടെക്ചർ കോഴ്സിനായി അഖിലേന്ത്യാ തലത്തിൽ നടത്തുന്ന NATA പരീക്ഷയോ UCEED/NID എന്നീ പ്രവേശന പരീക്ഷകളിലേതെങ്കിലും ഒന്ന് പാസായിരിക്കണം. യോഗ്യതാ പരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. അപേക്ഷ സമർപ്പിക്കാൻ താത്പര്യമുള്ള വിദ്യാർത്ഥികൾക്ക് ഫോട്ടോ, ഒപ്പ്, മറ്റ് അനുബന്ധ രേഖകൾ എന്നിവ സഹിതം 07.03.2020 മുതൽ 15.03.2020 വൈകിട്ട് 5.00 മണി വരെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ് സൈറ്റ് വഴി ഓൺലൈൻ അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷ സംബന്ധിച്ച വിശദമായ വിജ്ഞാപനം മേൽ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അപേക്ഷ സമർപ്പിച്ചതിനുശേഷം ലഭിക്കുന്ന കൺഫർമേഷൻ പേജ് വിദ്യാർത്ഥി പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കേണ്ടതാണ്. കൺഫർമേഷൻ പേജിന്റെ പ്രിന്റൗട്ടോ മറ്റ് അനുബന്ധ രേഖകളോ പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലേക്ക് അയയ്ക്കേണ്ടതില്ല. നിശ്ചിത തീയതിയ്ക്കുശേഷം ലഭിക്കുന്ന അപേക്ഷകൾ തപാലിലോ, ഇ–മെയിലിലോ ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ തുടങ്ങിയവ സംവരണം/ആനുകൂല്യം നൽകുന്നതിന് പരിഗണിക്കുന്നതല്ല. നിർബന്ധമായും സമർപ്പിക്കേണ്ട രേഖകളും വിവരങ്ങളും അപ്‌ലോഡ് ചെയ്യാത്തവരുടെ അപേക്ഷ നിരസിക്കുന്നതാണ്.

**ഹെൽപ്പ് ലൈൻ നമ്പർ: 0471- 2525300:**

Sd/-

**പ്രവേശന പരീക്ഷാകമ്മീഷണർ**

തിരുവനന്തപുരം
06 .03.2020